



**Compiled by : *R. Jamaludin Raother***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***Ph : 9447001832, 6238065545***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***

# MORALS & GOOD MANNERS IN THE HOLY QURAN

## വിശുദ്ധഖുർആനിൽ നിന്നും നമുക്ക് ലഭിക്കുന്ന ചില ധാർമ്മികതയും നല്ല പെരുമാറ്റ രീതികളും

- **എല്ലാ മനുഷ്യർക്കും സന്തോഷത്തോടെയും സ്വാതന്ത്ര്യത്തോടെയും, ഭൂമിയിൽ ഒരു ജീവിതം നയിക്കുന്നതിന്, ധാർമ്മികതയും നല്ല പെരുമാറ്റരീതികളും അടിസ്ഥാനമായുള്ള ഒരു സമൂഹം ഉണ്ടാകേണ്ടതാണ്.**
- **മുഴു മാനവകുലത്തിനും വേണ്ടിയുള്ള ഒരു മാതൃകാ പുരുഷനാണ് പ്രവാചകനായ മുഹമ്മദ് മുസ്തഫ (സ)**
- **വിശുദ്ധഖുർആനിൽ മുഹമ്മദ്(സ)നെകുറിച്ച് ഇപ്രകാരം പറയുന്നു "അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടുതന്നെയാണ് നീ അവരോട് സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ അവർ നിന്റെ ചുറ്റും നിന്നും ചിതറിപ്പിരിഞ്ഞു പൊയ്ക്കളയുമായിരുന്നു. അതിനാൽ നീ മാപ്പുനല്കുകയും അവർക്കായി പാപമോചനത്തിന് വേണ്ടി പ്രാർത്ഥിക്കുകയും പ്രധാനകാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുകയും ചെയ്യുക, അങ്ങനെ കാര്യം തീരുമാനിച്ചു കഴിഞ്ഞാൽ, നീ അല്ലാഹുവിങ്കൽ ഭരമേല്പിക്കുക. തീർച്ചയായും അല്ലാഹു തന്നിൽ ഭരമേല്പിക്കുന്നവരെ ഇഷ്ടപ്പെടുന്നു"**

- വിശുദ്ധഖുർആൻ അറബികളെ മാത്രമല്ല മറിച്ച്, മുഴുമാനവകുലത്തേയും അത് അഭിസംബോധന ചെയ്യുന്നു. മുഹമ്മദ് നബി(സ) യെ മുഴുലോകത്തിനുമായുള്ള പ്രവാചകനായി അത് പ്രഖ്യാപിക്കുന്നു. ആയതിനാൽ ഈ ഗ്രന്ഥവും (വിശുദ്ധഖുർആൻ) ഈ പ്രവാചകനും (മുഹമ്മദ് നബി (സ) മനുഷ്യകുലത്തിനു വേണ്ടിയുള്ളതാകുന്നു. അതുകൊണ്ട് തന്നെ മാനവകുലത്തിന്റെ ധാർമ്മികതയുടെ മുമ്പാകെ ഞാൻ ഇത് സമർപ്പിക്കുന്നു. ലോകജനതയ്ക്ക് ധർമ്മോപദേശം നല്കുന്നതിനായി ഓരോ നൂറ്റാണ്ടിലും ഉപദേശകരെ ദൈവം നിയോഗിച്ചുകൊണ്ടിരിക്കും എന്നതാണ് ഇതിലെ സവിശേഷമായ ദൈവീകാധ്യാപനം.

| | | |
|---|---|---|
| 1. | കോപം നിയന്ത്രിക്കുക | 3 : 135 |
| 2. | കൈക്കൂലി വാങ്ങരുത് | 27 : 37 |
| 3. | കരാറുകൾ മാനിക്കുക | 9 : 4 |
| 4. | നിങ്ങൾ പൊങ്ങച്ചം കാണിക്കരുത് | 28 : 77 |
| 5. | ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത് | 49 : 12 |
| 6. | ഒരു വിധത്തിലും ദുർവ്യയം ചെയ്യരുത് | 17 : 28 |
| 7. | ദരിദ്രരെ ഭക്ഷിപ്പിക്കുക | 22 : 37 |
| 8. | നിങ്ങളുടെ ശപഥങ്ങളെ നിങ്ങൾ പാലിക്കുക | 5 : 90 |
| 9. | നിങ്ങൾ ഇല്ലാകാര്യം പറയരുത്/പ്രചരിപ്പിക്കരുത് | 24 : 16 |
| 10. | നിങ്ങൾ മറ്റുള്ളവരെകുറിച്ച് നല്ലതു കരുതുക | 24 : 13 |
| 11. | അതിഥികളോട് നല്ല നിലയിൽ പെരുമാറുക | 51 : 25-28 |
| 12. | വിശ്വാസികളെ ശല്യം ചെയ്യരുത് | 33 : 59 |
| 13. | മാതാപിക്കാളോട് നല്ല രീതിയിൽ പെരുമാറുക | 17 : 24 |
| 14. | നിങ്ങൾ (അന്യരുടെ സ്ഥിതികൾ) ചുഴിഞ്ഞു നോക്കരുത് | 49:13 |
| 15. | നിങ്ങളിൽ ചിലർ മറ്റുചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കുകയുമരുത് | 49 : 13 |
| 16. | കള്ളം പറയുന്നതിൽ നിന്നും അകന്നു നില്ക്കുക | 22:31 |

| | | |
|---|---|---|
| 17. | മാതാപിക്കാളോട് കയർത്ത് സംസാരിക്കരുത് | 17: 24 |
| 18. | അനാവശ്യകാര്യങ്ങളിൽ നിന്ന് പിൻമാറുക | 23: 04 |
| 19. | മറ്റുള്ളവരെ പരിഹസിക്കരുത് | 49: 12 |
| 20. | വിനയാന്വിതരായി നടക്കുക | 25: 64 |
| 21. | തിന്മയെ നന്മകൊണ്ട് നേരിടുക | 41: 35 |
| 22. | നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയരുത് | 61 : 02 |
| 23. | അമാനത്തുകളെയും കരാറുകളെയും പാലിക്കുക | 23 : 9 |
| 24. | നിങ്ങൾ അളവും തൂക്കവും നീതിപൂർവ്വം പൂർത്തിയാക്കുക. | 6 : 153 |
| 25 | അർഹതയില്ലാത്ത സാധനം എടുക്കരുത് | 3 : 162 |
| 26. | ആവശ്യമില്ലാത്ത ചോദ്യങ്ങൾ ചോദിക്കരുത് | 5 : 102 |
| 27. | അമിതമാക്കുകയോ ലുബ്ധു കാണിക്കുകയോ അരുത് | 25 : 68 |
| 28. | നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കരുത് | 49 : 12 |
| 29. | നിങ്ങൾ നിങ്ങളെ പരിശുദ്ധരാക്കി ചിത്രീകരിക്കരുത് | 53 : 33 |
| 30. | അവിവേകികളോടുപോലും മധുരമായി സംസാരിക്കുക. | 25 : 64 |
| 31. | ഔദാര്യങ്ങൾക്ക് പ്രതിഫലം ചോദിക്കരുത് | 76 : 10 |
| 32. | സദസ്സുകളിൽ നീങ്ങിയിരുന്ന് മറ്റുള്ളവർക്ക് ഇടം നല്കുക | 58 : 12 |
| 33. | ശത്രു സമാധാനം തേടിയാൽ, അതംഗീകരിച്ചു കൊടുക്കുക | 8 : 62 |
| 34. | നിങ്ങൾ ചെയ്ത ഉപകാരങ്ങൾ എടുത്തുപറയരുത് | 2 : 265 |
| 35. | നിന്റെ ശബ്ദം അല്പം താഴ്ത്തി, മാന്യമായി സംസാരിക്കുക | 31 : 20 |
| 36. | ശത്രുത അനീതി പ്രവർത്തിക്കുവാൻ ഇടയാക്കരുത് | 6 : 109 |
| 37. | ജനങ്ങളോട് നിർബന്ധം ചെലുത്തി കൂടുതൽ ധനസഹായം ആവശ്യപ്പെടരുത്. | 2 : 274 |
| 38. | അന്യരുടെ വീടുകളിൽ പ്രവേശിക്കുമ്പോൾ അവർക്ക് സലാം ചൊല്ലുക. | 24 : 28 |

| | | |
|---|---|---|
| 39. | മുറികളുടെ പിന്നിൽ നിന്ന് പ്രവാചകനെ ഉച്ചത്തിൽ വിളിക്കരുത് | 49 : 05 |
| 40. | ഫിത്ന കൊലയെക്കാൾ വലിയ കുറ്റമാണ്. | 2 : 218 |
| 41. | അവിശ്വാസികളായ നേതാക്കന്മാരോടുപോലും മാന്യമായി സംസാരിക്കുക. | 20 : 45 |
| 42 | മറ്റുള്ളവരുടെ ചെറു സംഭാവനകളെ നിസ്സാരമായി കാണരുത് | 9 : 79 |
| 43. | നിന്റെ അടുക്കൽ വരുന്നവരെ നീ അവഗണിക്കരുത്. | 80 : 11 |
| 44. | ചാരിത്ര വതികളായ സ്ത്രീകളുടെ പേരിൽ തെളിവില്ലാതെ വ്യഭിചാരക്കുറ്റം ചുമത്തരുത് | 24 : 5 |
| 45. | പ്രവാചകന്റെ ഭാര്യമാരെ നിങ്ങളുടെ മാതാക്കളെ പോലെ കരുതുക. | 33 : 07 |
| 46. | നിങ്ങളുടെ ശബ്ദങ്ങൾ പ്രവാചകന്റെ ശബ്ദത്തിന് മീതെ നിങ്ങൾ ഉയർത്തരുത് | 49 : 03 |
| 47. | അറിവില്ലാതെ, ഒരാളെ നിങ്ങൾ അവിശ്വാസിയാണ് എന്ന് പറയരുത് | 4 : 95 |
| 48. | അന്ധനും കാഴ്ചയുള്ളവനും സമൻമാരാകുകയില്ല. | 40:59 |
| 49. | തത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് ക്ഷണിക്കുക. | 16: 126 |
| 50. | ഒരാളിന്റെ മുറിയിൽ പ്രവേശിക്കുന്നതിനു മുൻപ് അനുവാദം ചോദിക്കേണ്ടതാണ് | 24 : 60 |
| 51. | അറിയുക! നിങ്ങളുടെ ശത്രുക്കൾ നിങ്ങളുടെ ആത്മമിത്രങ്ങളായി തീരാം. | 41 : 35 |
| 52. | നിങ്ങളുടെ ധനം പരസ്പരം അന്യായമായ നിലയിൽ കരസ്ഥമാക്കി ഭക്ഷിക്കരുത് | 4 : 30 |
| 53. | ജനങ്ങളുടെ മുൻപാകെ കോപത്തോടെ നിന്റെ കവിൾ നീ വീർപ്പിക്കരുത് | 31 : 19 |
| 54. | നിങ്ങൾ ജനങ്ങളോട് നന്മ ഉപദേശിക്കുകയും നിങ്ങളെ സ്വയം വിസ്മരിക്കുകയുമരുത്. | 2 : 45 |
| 55. | ഭക്ഷണശേഷം, ആവശ്യമില്ലാതെ പ്രവാചകഭവനത്തിൽ തങ്ങരുത് | 33 : 54 |
| 56. | ഗുരുവിനോടൊപ്പം ക്ഷമയോടെ കഴിയണം, അദ്ദേഹത്തിന്റെ നിർദ്ദേശത്തെ പിന്തുടരുകയും ചെയ്യുക. | 18 : 68-70 |
| 57. | നീതിപൂർവ്വം വർത്തിക്കുക, നിങ്ങൾക്കു തന്നെയോ മാതാപിതാക്കൾക്കോ ബന്ധുക്കൾക്കോ എതിരായിരുന്നാൽ പോലും. | 4 : 136 |

| | | |
|---|---|---|
| 58. | അല്ലാഹു(ത) നിങ്ങൾക്ക് പൊറുത്തു തരേണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ,<br>നിങ്ങൾ മറ്റുള്ളവർക്കും പൊറുത്തു കൊടുക്കുക. | 24 : 23 |
| 59. | രണ്ട്  വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടാൽ<br>നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. | 49 : 10 |
| 60. | ഒരു അഭിവാദനം കൊണ്ട് നിങ്ങൾ ആശംസിക്കപ്പെട്ടാൽ അതിനേക്കാൾ<br>ഉത്തമമായ ഒന്നുകൊണ്ട് നിങ്ങൾ തിരിച്ച് അങ്ങോട്ടും ആശംസിക്കുക. | 4 : 87 |
| 61. | അല്ലാഹുവിന് പുറമെ അവർ മറ്റാരെ വിളിച്ചു പ്രാർത്ഥിക്കുന്നുവോ<br>അവരെ നിങ്ങൾ ശകാരിക്കരുത്. | 6 : 109 |
| 62 | ഒരു സ്ത്രീ തന്റെ ഭർത്താവിൽ നിന്ന് വഴക്കോ അവഗണനയോ<br>(ഉണ്ടായേക്കുമെന്ന്) ഭയപ്പെടുന്നുവെങ്കിൽ അവർ രണ്ടു പേരും<br>തമ്മിൽ ഒരു രജ്ജിപ്പുണ്ടാക്കുന്നതിൽ അവർക്കു കുറ്റമൊന്നുമില്ല | 4 : 129 |
| 63. | പ്രവാചനോടൊപ്പം ഒരു പൊതുകാര്യത്തിനിരിക്കുമ്പോൾ അവിടെ<br>വിട്ടുപോകുന്നതിനു മുൻപ് പ്രവാചകനോട് അനുവാദം ചോദിക്കുക. | 24 : 23 |
| 64. | നിങ്ങൾ കുറ്റം ചെയ്യുവാനും അതിക്രമം പ്രവർത്തിക്കുവാനും<br>ദൈവദൂതന്റെ കല്പന ലംഘിക്കുവാനും വേണ്ടി രഹസ്യാലോചന നടത്തരുത് | 58:10 |
| 65. | നന്മപ്രവർത്തിക്കുവാനും സൂക്ഷമത കൈകൊള്ളുവാനും<br>വേണ്ടി നിങ്ങൾ രഹസ്യാലോചന നടത്തിക്കൊൾക. | 58:10 |
| 66. | ഒരാവശ്യക്കാരനെ സഹായിക്കാൻ കഴിയുന്നില്ലെങ്കിൽ,<br>കുറഞ്ഞത് സൗമ്യമായ വാക്കുകളെങ്കിലും പറയുക. | 17 : 29 |
| 67. | നിന്നോടൊപ്പമുള്ളവരോട് സൗമ്യമായി പെരുമാറുക.<br>പ്രധാന കാര്യങ്ങളിൽ അവരുമായി കൂടിയാലോചിക്കുക. | 3 : 160 |
| 68. | ദുർമാർഗിയായ ഒരാൾ വല്ലവാർത്തയുമായി നിങ്ങളുടെയടുക്കൽ വന്നാൽ<br>അതിന്റെ യാഥാർത്ഥ്യം നിങ്ങൾ ശരിക്കും അന്വേഷിച്ചറിയുക. | 49 : 7 |
| 69. | നിങ്ങളിൽ ശ്രേഷ്ഠതയും ഐശ്വര്യവും ഉള്ളവർ അടുത്ത കുടുംബബന്ധുക്കൾക്കും<br>അഗതികൾക്കും ദൈവമാർഗത്തിൽ സ്വദേശം വെടിഞ്ഞവർക്കും നല്കുക. | 24:23 |
| 70. | ഈ നുണയെ കുറിച്ച് സംസാരിക്കുന്നത് നമുക്ക് ചേർന്നതല്ല എന്ന്,<br>നിങ്ങളോട് പറയപ്പെടുമ്പോൾ പറയേണ്ടതാണ്. | 24 : 17 |
| 71. | അനുവാദമില്ലാതെ അന്യവീടുകളിൽ പ്രവേശിക്കരുത്.<br>അനുവാദം ലഭിക്കുന്നില്ലെങ്കിൽ നിങ്ങൾ മടങ്ങി പോവുക. | 24 : 28- 29 |

| | | |
|---|---|---|
| 72. | അല്ലാഹുവിന്റെ വചനങ്ങളെ സംബന്ധിച്ച് നിഷേധം പ്രകടിപ്പിക്കുന്നതായും, അത് പരിഹസിക്കപ്പെടുന്നതായും നിങ്ങൾ കേൾക്കുന്നതായാൽ, അവർ അതല്ലാത്ത മറ്റൊരു വിഷയത്തിൽ ഏർപ്പെടുന്നതുവരെ അവരോടൊപ്പം ഇരിക്കരുത്. | 4 : 41, 24 : 17 |
| 73. | പ്രവാചക പത്നിമാരോട് നിങ്ങളെന്തെങ്കിലും ആവശ്യപ്പെടുകയാണെങ്കിൽ, ഒരു മറയുടെ പിന്നിൽ നിന്ന് ആവശ്യപ്പെടുക. | 33 : 54 |
| 74. | നിങ്ങളുടെ ഭാര്യയെ പ്രയാസപ്പെടുത്തുകയും മറ്റും ചെയ്യാതെ അവരെ മാന്യമായി തിരിച്ചെടുക്കുകയോ അല്ലെങ്കിൽ ന്യായമായ നിലയിൽ അവരെ വിവാഹമോചനം നടത്തുകയോ ചെയ്യുക. | 2 : 232 |
| 75. | നിങ്ങൾ പ്രതികാരം ചെയ്യുകയാണെങ്കിൽ നിങ്ങൾ ആക്രമിക്കപ്പെട്ടത് ഏത് അളവിലാണോ അതിന് തുല്യമായതു കൊണ്ടു മാത്രം നിങ്ങൾ പ്രതികാരം ചെയ്തുകൊള്ളുക. എന്നാൽ ക്ഷമിക്കുന്നതാണ് ഏറ്റവും നല്ലത്. | 16 : 127 |
| 76. | നിറത്തിലും ഭാഷയിലുമുള്ള വ്യത്യാസങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽപ്പെടുന്നതാണ്. അതൊരിക്കലും മേധാവിത്വത്തിന്റെ അടയാളമല്ല. | 49 : 14 |
| 77. | സ്ത്രീകളെ നിർബന്ധപൂർവ്വം അനന്തരാവകാശമായി സ്വീകരിക്കരുത്. വധു എന്ന നിലയിൽ നല്കിയ സമ്മാനം തികച്ചും ന്യായമായ കാരണമില്ലാതെ, തിരിച്ചെടുക്കരുത്, നിങ്ങൾ അവരോട് നല്ല നിലയിൽ വർത്തിക്കുക. | 4 : 20 |
| 78. | വിശ്വസിക്കുകയും, സത്കർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നവരും , തിന്മ പ്രവർത്തിക്കുന്നവരും തുല്യരാകുകയില്ല. | 40:59 |
| 79. | പരദൂഷകനും, അപവാദം പരത്തുന്നവനുമായ ഓരോരുത്തനും നാശം. | 104:02 |
| 80. | അന്യരെ കാണിക്കാൻ വേണ്ടി സത്കർമ്മം ചെയ്യുന്നവർക്ക് നാശം | 107:07 |
| 81. | അശ്രദ്ധരായ നമസ്ക്കാരക്കാർക്ക് മഹാനാശം | 107:05,06 |
| 82. | ഒരണു അളവ് നന്മ ചെയ്യുന്നതായാൽ അത് അവൻ കാണും. | 99:08 |
| 83. | ഒരണു അളവ് തിന്മ ചെയ്യുന്നതായാൽ അത് അവൻ കാണും. | 99:09 |
| 84. | പ്രയാസത്തെ തുടർന്ന് ആശ്വാസം ലഭിക്കുന്നതാണ്. | 94:06 |
| 85. | യാചകനെ നീ വിരട്ടരുത് | 93 : 11 |

End...